# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *276

29.01.2014-ൽ മറുപടിയ്ക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എ.എം. ആരിഫ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) ഭരണഘടനാപരമായുള്ള അധികാരവികേന്ദ്രീകരണം ഏകദേശം പൂർത്തീകരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. സർക്കാരിൽ നിക്ഷിപ്തമായിരുന്ന മിക്കവാറും എല്ലാ അധികാരങ്ങളും ചുമതലകളും, ആയവ നടപ്പിലാക്കാൻ ഉതകുന്നവിധമുള്ള ഉദ്യോഗസ്ഥരേയും ആസ്തി ബാധ്യതകളും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് അവയെ സ്വയംഭരണാധികാരമുള്ള തദ്ദേശ സർക്കാരുകളാക്കി വികസിപ്പിക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ചില പ്രധാന നടപടികൾ താഴെ പറയുന്നു.<br>1. പഞ്ചായത്തുകളുടെ വ്യവസ്ഥാപിതമായ പദ്ധതിരൂപീകരണത്തിന് സഹായിക്കാനുതകുംവിധം പഞ്ചവത്സരപദ്ധതി ആരംഭിക്കുകയും വ്യക്തമായ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തു.<br>2. പഞ്ചായത്തുകളിലെ പദ്ധതി മോണിറ്ററിംഗ്, വെറ്റിംഗ് തുടങ്ങിയവ സുതാര്യമാക്കി.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേർണൻസ് ഫലപ്രദമായി നടപ്പിലാക്കി.<br>4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർവത്കരിക്കുകയും ഇ-മെയിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.<br>5. Accrual Based Double Entry System എന്ന പുതിയ അക്കൌണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. |

6.സേവനവകാശ നിയമം നടപ്പിലാക്കയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൽ നൽകുന്ന സേവനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയതു.

7. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് ഹൈക്കോടതി ജഡ്ജിയുടെ പദവി അനുവദിച്ചു നൽകിയതിലൂടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ശക്തിപ്പെടുത്തി.

8. കൃത്യവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിനായി നഗരസഭകൾക്ക് പുറമേ ത്രിതല പഞ്ചായത്തുകളിലും Electronic Voting Machine ഉപയോഗിക്കുന്നതിന് വേണ്ട തീരുമാനം കൈക്കൊണ്ടു.

9. നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ 30 കോടി രൂപ (ഓരോ മുനിസിപ്പാലിറ്റിക്കും 50 ലക്ഷം രൂപ വീതം) ഉപാധിരഹിത ഫണ്ടിനത്തിൽ അനുവദിക്കുകയും പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് അടിസ്ഥാന സൌകര്യ വികസനത്തിന് ഒന്നരകോടിരൂപ അനുവദിക്കുകയും ചെയ്തു.

10. കേന്ദ്രാവിഷ്കരണ പദ്ധതികളുടെ കൃത്യവും ആസൂത്രിതവുമായ നടത്തിപ്പിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

11. പഞ്ചായത്തുകളിൽ ജോലിഭാരം കുറയ്ക്കുവാനായി അധികതസ്തികൾ സൃഷ്ടിക്കുകയും ഉദ്യോഗസ്ഥ പുനർ വിന്യാസം നടത്തുകയും ചെയ്തു.

12 ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധമേഖലകളിൽ പരിശീലനപരിപാടികൾ നടത്തി.

13.ഗ്രാമസഭ/വാർഡ്സഭ നിയമാനുസൃതമായി വിളിച്ചുചേർക്കുന്നതിനും ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കരുത്താർജിപ്പിക്കുന്നതിന് സഹായകരമാകും വിധമുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചു.

14.ആരോഗ്യശുചിത്വ മേഖലകളിൽ വാർഡ്തല ശുചിത്വസമിതിയും സ്ത്രീകളുടെയും കുട്ടികളുടേയും സംരക്ഷണത്തിനായി ജാഗ്രതാസമിതികളും രൂപീകരിച്ചു.

15. കേരളാ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തി.

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള വിവിധ കർമ്മ പരിപാടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന പല സഹായങ്ങൾക്കും വേണ്ടി മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിവരെ ജനങ്ങൾ കാത്തിരുന്നാൽ മാത്രമേ പരിഹാരമുണ്ടാകൂ എന്ന ഇപ്പോഴത്തെ സ്ഥിതി വിശേഷം സംജാതമായതെങ്ങനെ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) & സി) | അത്തരത്തിലുള്ള ഒരു സ്ഥിതി വിശേഷം നിലവിലില്ല.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. |
| സി) | ഇത്തരത്തിൽ വീണ്ടും അധികാര കേന്ദ്രീകരണം നടത്തുന്നത് ഒഴിവാക്കുന്നതിനും തദ്ദേശീയമായിത്തന്നെ ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉതകുന്ന തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ